## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 204** — **23.3.2012-ൽ മറുപടിക്ക്**

### നഗരങ്ങളിലെ പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ:<br>ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി :<br>ശ്രീ. പി.ഉബൈദുള്ള :<br>ശ്രീ. എം.ഉമ്മർ : | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>നഗരകാര്യവും വകുപ്പു മന്ത്രി) |
| എ) നഗരങ്ങളിലെ പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് നഗരറോഡുകളുടെ നിർമ്മിതിക്ക് പ്ലാസ്ററിക് ഉപയോഗപ്പെടുത്തുന്ന പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) നഗരങ്ങളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് അവ ഷ്രെഡ് ചെയ്ത് റോഡ് ടാറിംഗിന് ഉപയോഗപ്പെടുത്താനും പാലക്കാട്ടുള്ള മലബാർ സിമെന്റ്സ് കമ്പനിയിലെ സിമന്റ് ചുടുന്ന ചൂളകളിൽ കത്തിച്ച് നിർമ്മാർജ്ജനം ചെയ്യാനുമുള്ള നടപടികൾ സർക്കാർ തലത്തിൽ കൈകൊണ്ടുവരുന്നു. റോഡുകളിൽ ടാർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് പബ്ലിക് വർക്ക് ഡിപ്പാർട്ട്മെന്റ്(PWD)ഉം NATPAC ഉം ചേർന്ന് നടപടികൾ എടുത്തു വരുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയം ഭരണ തലത്തിൽ പ്ലാസ്റ്റിക് മാലിന്യം ഒന്നായി ശേഖരിച്ച് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്കൾ സ്ഥാപിക്കാനായി സാങ്കേതിക സഹായവും 75 ശതമാനം വരുന്ന സാമ്പത്തിക സഹായവും ശുചിത്വ മിഷനിൽ നിന്ന് ലഭ്യമാക്കിവരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ Resource Recovery Center (RRC) സ്ഥാപിക്കാനായി സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ശുചിത്വ മിഷൻ ലഭ്യമാക്കി വരുന്നു. ഇപ്രകാരം സ്ഥാപിക്കുന്ന RRC കളിൽ മാലിന്യങ്ങൾ കൂടാതെ തൊണ്ട്, ചിരട്ട തുടങ്ങിയ വസ്തുക്കളും ഒന്നായി സംഭരിച്ച് RRCകളിൽ എത്തിച്ച് അവ പുനരുപയോഗത്തിനും പുന:ചംക്രമണത്തിനും സഹായമാകുന്ന തരത്തിൽ സംവിധാനമുണ്ടാക്കി കൈകാര്യം ചെയ്യാനാണ് പ്രോത്സാഹനം നൽകി വരുന്നത്. RRC കളിൽ പ്ലാസ്റ്റിക് മാലിന്യങ്ങളും, |

| | |
|---|---|
| | ഇ-വേസ്റ്റ് ഉൾപ്പെടെയുള്ള മാലിന്യങ്ങളും ശേഖരിക്കുന്നതിനുമാണ് പ്രോത്സാഹനം നൽകി വരുന്നത്. |
| ബി) ഇക്കാര്യത്തിൽ ചെന്നൈ കോർപ്പറേഷൻ നടപ്പാക്കി വരുന്ന പദ്ധതിയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതേക്കുറിച്ച് പഠനം നടത്താൻ നിർദ്ദേശം നൽകുമോ; | ബി) ഇക്കാര്യത്തിൽ ചെന്നൈ കോർപ്പറേഷൻ നടത്തിയ പഠനത്തിന്റെ വിവരങ്ങൾ ശേഖരിക്കാനുള്ള നടപടി കൈക്കൊള്ളുന്നതാണ്. |
| സി) പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജനത്തിനായി വീടുകൾ, ഫ്ളാറ്റുകൾ, കമേഴ്സ്യൽ സ്ഥാപനങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനും റീസൈക്കിൾ ചെയ്ത് റോഡ്നിർമ്മാണത്തിനുപയോഗപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | സി) സ്വീകരിച്ചിട്ടുണ്ട്. വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒന്നായി ശേഖരിക്കാനും അവ തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ ഒന്നായി ശേഖരിച്ച് ഷ്രെഡ് ചെയ്യാനും ഷ്രെഡ് ചെയ്ത് പ്ലാസ്റ്റിക് റോഡ് നിർമ്മാണം, സിമെന്റ് പ്ലാന്റുകളിൽ കത്തിക്കൽ, പ്ലാസ്റ്റിക് പുനർനിർമ്മാണം തുടങ്ങിയ പ്രവർത്തികൾക്ക് ഉപയോഗപ്പെടുത്താനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**